LIBRARY ARCHIVES Kerala Legislative Assembly

(4) കുനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയം തീർത്ഥാടന കേന്ദ്രമായി സംരക്ഷിക്കൽ

ശ്രീ. വി. ഡി. സതീശൻ: സർ, വിശുദ്ധ പദവിയിലേക്കുയർത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ തന്റെ വിദ്യാഭ്യാസ, പ്രേഷിത പ്രവർത്തനങ്ങൾ നടത്തിയ സ്ഥലമാണ് കുനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയം. എല്ലാ പള്ളിയോടൊപ്പവും ഒരു പള്ളിക്കൂടം വേണമെന്ന് നിർബന്ധം പിടിക്കുകയും പിന്നാക്ക ജനവിഭാഗങ്ങളെക്കൂടി വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് കൊണ്ടുവരികയും ചെയ്ത കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഏറ്റവും വലിയ നവോത്ഥാന നായകൻ കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹം ജീവിച്ച കുനമ്മാവ് ജംഗ്ഷൻ ഇന്ന് കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാഭ്യാസത്തിന്റെ ഡെസ്റ്റിനേഷൻ പോയിന്റാണ്. ആറായിരത്തിലധികം വിദ്യാർത്ഥികളും അഞ്ഞൂറിലധികം അദ്ധ്യാപകരും വന്നുപോകുന്ന ഒരു സ്ഥലമായി അവിടം മാറിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഭൗതീക ശരീരം അടക്കം ചെയ്തിരിക്കുന്ന സ്ഥലം കൂടിയാണ് കുനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയം. അതൊരു തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ പിന്തുണയും ധനസഹായവും കൂടി ഈ തീർത്ഥാടന കേന്ദ്രത്തിനുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം വി. ഡി. സതീശൻ ഇവിടെ പറഞ്ഞ നിർദ്ദേശം ഗവൺമെന്റ് കാര്യമായിട്ടെടുക്കുന്നതാണ്. ചാവറ അച്ചനെ ഇപ്പോൾ വിശുദ്ധനായി പ്രഖ്യാപിച്ചിരിക്കുകയാണ്. കുനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയത്തെ ഒരു തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ തീർത്ഥാടകരുടെ വലിയൊരു നിരതന്നെ അവിടെ എത്തിച്ചേരും. അതുകൂടി കണക്കിലെടുത്തുകൊണ്ട് അവിടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കും. ശ്രീ. വി. ഡി. സതീശൻ അവിടെയുള്ള പൊതു പ്രവർത്തകരുമായും ജനപ്രതിനിധികളുമായും സംസാരിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ തന്നാൽ അതും ഗവൺമെന്റ് പ്രത്യേകമായി പരിഗണിക്കുന്നതാണ്. അക്കാര്യത്തിൽ വേണ്ട നേതൃത്വം ശ്രീ. വി. ഡി. സതീശൻ ഏറ്റെടുക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ഇക്കാര്യം തീർച്ചയായും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.